# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 190** — **02.03.2020-ൽ മറുപടിയ്ക്ക്**

## കൊറോണ രോഗബാധയും ചികിത്സാ നടപടികളും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) കൊറോണ രോഗബാധ ഭീഷണിയെ തുടർന്ന് സംസ്ഥാനത്ത് എത്ര പേർ നിരീക്ഷണത്തിൽ ഉണ്ടായിരുന്നുവെന്നും ഇതിൽ എത്ര പേർക്ക് രോഗം സ്ഥിരീകരിച്ചുവെന്നും അറിയിക്കാമോ; | എ) ഫെബ്രുവരി 24-ാം തീയതിവരെ 3980 പേരാണ് നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. നിരീക്ഷണകാലം പൂർത്തിയായ മുറയ്ക്ക് ഇതിൽ 3845 പേരെ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 135 പേരാണ് നിലവിൽ നിരീക്ഷണത്തിലുള്ളത്. 2020 ഫെബ്രുവരി 24 വരെ 3 പേർക്ക് മാത്രമാണ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. |
| ബി) സർക്കാർ എന്തൊക്കെ ചികിത്സാ നടപടികളാണ് സ്വീകരിച്ചതെന്നും രോഗം വരാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ; രോഗം ബാധിച്ചവർ പൂർണമായും രോഗ വിമുക്തരായോ എന്നറിയിക്കാമോ; | ബി) കൊറോണ രോഗബാധ സംശയിക്കുന്നവരെ ജില്ലാതലത്തിൽ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ഐസൊലേഷൻ വാർഡുകളിൽ പ്രവേശിപ്പിക്കുകയും അവരുടെ തൊണ്ടയിലേയും മൂക്കിലേയും സ്രവങ്ങളും രക്തസാമ്പിളുകളും ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പൂനെയിലും ആലപ്പുഴയിലുള്ള ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് യൂണിറ്റിലും അയച്ച് പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചിട്ടുള്ളവർക്ക് ആലപ്പുഴയിലും തൃശ്ശൂരിലുമുള്ള ഗവ.മെഡിക്കൽ കോളേജുകളിൽ വെന്റിലേറ്റർ, ഐ.സി.യു ഉൾപ്പെടെ പ്രത്യേക ചികിത്സാ സംവിധാനം ലഭ്യമാക്കുകയും ചെയ്തിരുന്നു. കാസറഗോഡ് ജില്ലയിൽ രോഗം സ്ഥിരീകരിച്ചിട്ടുള്ള മെഡിക്കൽ വിദ്യാർത്ഥിയ്ക്ക് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ഇവരെ പരിചരിക്കുന്നതിനായി പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകരെ നിയോഗിക്കുകയും ചെയ്യുകയുണ്ടായി. |

➡

ഓരോ ജില്ലയിലും മെഡിക്കൽ കോളേജുകളിലും ജില്ല/ജനറൽ ആശുപത്രികളിലും ഇപ്രകാരം ഐസൊലേഷൻ സൗകര്യവും ചികിത്സാ സംവിധാനവും ഏർപ്പെടുത്തുകയുണ്ടായി. മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിൽ ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും ഇത്തരം സൗകര്യം ഏർപ്പെടുത്തിയിരുന്നു. ഇതിനാവശ്യമായ സാധനസാമഗ്രികളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ലഭ്യമാക്കിയിരുന്നു. രോഗം വരാതിരിക്കാനായി ചൈനയിൽ നിന്നും മറ്റ് രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തിയിട്ടുള്ള യാത്രക്കാരെ എയർപോർട്ടിൽ വച്ച് വിവരശേഖരണം നടത്തുകയും പരിശോധിക്കുകയും ചെയ്തിരുന്നു. രോഗലക്ഷണങ്ങൾ പ്രകടമാക്കിയവരെ ആരോഗ്യവകുപ്പിന്റെ പ്രത്യേക വാഹനത്തിൽ ഐസൊലേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട ആശുപത്രികളിൽ എത്തിച്ച് ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ഇവരെ 28 ദിവസം നിരീക്ഷിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വീടുകളിൽ 28 ദിവസം കർശനമായി നിരീക്ഷിക്കുവാനും മറ്റുള്ളവരുമായി സമ്പർക്കം പുലർത്താതിരിക്കുവാനുമുള്ള ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇതിനാവശ്യമായ പരിശീലനം ആരോഗ്യപ്രവർത്തകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ടൂറിസം, വിദ്യാഭ്യാസം, മൃഗസംരക്ഷണം മുതലായ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും കുടുംബശ്രീ മുതലായ ഏജൻസികളിലെ ബന്ധപ്പെട്ട പ്രവർത്തകർക്കും നൽകിയിരുന്നു.

ബോധവൽക്കരണ സന്ദേശങ്ങൾ എയർപോർട്ട്, സീപോർട്ട്, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിരുന്നു. വിവിധ പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയും എഫ്.എം. റേഡിയോ

വഴിയും സിനിമാ തീയേറ്ററുകൾ സാമൂഹ്യമാധ്യമങ്ങൾ വഴിയും ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ നൽകിയിരുന്നു.

രോഗം സ്ഥിരീകരിച്ച മൂന്നുപേരുടെയും തുടർപരിശോധന സാമ്പിളുകൾ നെഗറ്റീവ് ആയതിനെത്തുടർന്ന് അവരെ ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് ചെയ്യുകയും വീടുകളിൽ തുടർന്ന് 14 ദിവസം കൂടി നിരീക്ഷണത്തിൽ തുടരുകയും ചെയ്യുന്നു. ഇവർക്ക് നിലവിൽ ആരോഗ്യപ്രശ്നങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

**സി)** ഇപ്പോൾ രോഗം ബാധിച്ച ആരെങ്കിലും സംസ്ഥാനത്ത് ഉണ്ടോയെന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**സി)** ഫെബ്രുവരി 24 വരെ 3 പേർക്ക് മാത്രമാണ് സംസ്ഥാനത്ത് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**